# FIRE AND RESCUE OFFICER



ANSWER KEY 04 JULY 2026

1 ശരിയായ ജോഡി ഏത്?

(a) കുഷ്ഠ രോഗം — (i) വിരകൾ

(b) അത്‌ലറ്റ്സ് ഫൂട്ട് — (ii) വൈറസ്

(c) മീസിൽസ് — (iii) ഫംഗസ്

(d) മന്ത് രോഗം — (iv) ബാക്ടീരിയ

(A) a – (ii), b – (iv), c – (i), d – (iii)
(B) a – (iv), b – (iii), c – (ii), d – (i)
(C) a – (i), b – (iii), c – (iv), d – (ii)
(D) a – (i), b – (ii), c – (iii), d – (iv)

2. ശരീരത്തിൽ കാൽസ്യത്തിന്റെ അളവ് കുറയുന്നത്

(i) എല്ലിന്റെയും പല്ലിന്റെയും ആരോഗ്യത്തെ ബാധിക്കുന്നു

(ii) നാഡി പ്രവർത്തനങ്ങൾ തകരാറിലാകുന്നു

(iii) പേശി പ്രവർത്തനങ്ങളെ ബാധിക്കുന്നു

(iv) രക്തം കട്ട പിടിക്കുന്നത് തകരാറിലാക്കുന്നു

(A) (i) only
(B) (ii) & (iii)
(C) (i), (ii) & (iii)
(D) (i), (ii), (iii) & (iv)

3. രക്തത്തിൽ ഏറ്റവും കുറഞ്ഞ അളവിൽ കാണപ്പെടുന്ന ശ്വേത രക്താണു ഏത്?

(A) ന്യൂട്രോഫിൽ
(B) ഈസിനോഫിൽ
(C) ബേസോഫിൽ
(D) ലിംഫോസൈറ്റ്

4. ജൈവ വൈവിധ്യ നാശത്തിന്റെ പ്രധാന കാരണങ്ങളിൽ ഉൾപ്പെടാത്തത് ഏത്?

(i) സഹ വംശ നാശം

(ii) അന്യദേശ ജീവികളുടെ അധിനിവേശം

(iii) അമിത ചൂഷണം

(iv) പ്രകൃതി നിർദ്ധാരണം

(A) (i) & (ii)
(B) (ii) & (iii)
(C) (iii) & (iv)
(D) (iv) only

5. കേരള സർക്കാരിന്റെ കിടപ്പു രോഗികൾക്കായുള്ള ശുശ്രൂഷാ പദ്ധതിയാണ്.

(A) ആശ്വാസകിരണം
(B) അഭയകിരണം
(C) സ്നേഹസ്പർശം
(D) ആരോഗ്യകിരണം

6. ഫോക്കൽ ദൂരം 5 cm ആയ ഒരു ലഘുസൂക്ഷ്മ ദർശിനി (Simple microscope) യുടെ കോണീയ ആവർധനം (Angular magnification) എത്രയാണ്?

(A) 5
(B) 6
(C) 10
(D) 25

7 മൈക്രോവേവ് ഓവനിൽ ഭക്ഷണം ചൂടാകുന്നതിന്റെ പ്രധാന കാരണം ഏതാണ്?

(A) ഭക്ഷണത്തിലെ ഇലക്ട്രോണുകളുടെ ഉത്തേജനം
(B) ജലതൻമാത്രകളുടെ കമ്പനം
(C) പ്രകാശ പ്രതിഫലനം
(D) താപ ചാലകത

8. താഴെ പറയുന്നവയിൽ ഘർഷണബലം ഏതിനെയാണ് പ്രധാനമായും ആശ്രയിക്കുന്നത്?

(A) ഉപരിതലങ്ങളുടെ വിസ്തീർണം
(B) ഉപരിതലങ്ങളുടെ സ്വഭാവം
(C) വസ്തുവിന്റെ ആകൃതി
(D) വസ്തുവിന്റെ വേഗം

9. 2025-ൽ റിപ്പോർട്ട് ചെയ്യപ്പെട്ട ഗുരുത്വ തരംഗങ്ങൾ (Gravitational Waves) സാധാരണമായി ഉണ്ടാകുന്നത് താഴെപ്പറയുന്ന ഏത് പ്രതിഭാസത്തിലൂടെയാണ്?

(A) സൂര്യകളങ്കങ്ങളുടെ രൂപീകരണം
(B) ന്യൂട്രോൺ നക്ഷത്രങ്ങളുടെ സ്ഫോടനം
(C) ബ്ലാക് ഹോളുകളുടെ ലയനം
(D) ധൂമകേതുക്കളുടെ ഗതിചലനം

10. രൂപാന്തരത്വം എന്ന സ്വഭാവവിശേഷം കാണിക്കാത്ത മൂലകം ഏത്?

(A) കാർബൺ
(B) സൾഫർ
(C) ഫോസ്ഫറസ്
(D) നൈട്രജൻ

11 താഴെ തന്നിരിക്കുന്നവയിൽ ത്രിബേസിക അമ്ലം അല്ലാത്തത് ഏതെല്ലാം?

(i) ഓക്സാലിക് ആസിഡ്

(ii) സൾഫ്യൂറിക് ആസിഡ്

(iii) ഫോസ്ഫോറിക് ആസിഡ്

(iv) കാർബോണിക് ആസിഡ്

(A) (i), (ii), (iv)
(B) (i), (iii), (iv)
(C) (i), (ii), (iii)
(D) (ii), (iii), (iv)

12. ആവർത്തനപട്ടികയിലെ ഒന്നാമത്തെ ഗ്രൂപ്പിലെ ആദ്യത്തെ അംഗമാണ് ലിഥിയം. താഴെ തന്നിരിക്കുന്നവയിൽ ശരിയായ ഉത്തരം തിരഞ്ഞെടുക്കുക.

(i) ലിഥിയം എന്ന മൂലകം മഗ്നീഷ്യം എന്ന മൂലകവുമായി വികർണ്ണ ബന്ധം കാണിക്കുന്നു.

(ii) ലിഥിയം സഹസംയോജക സംയുക്തങ്ങൾ രൂപീകരിക്കുന്നു.

(iii) ലിഥിയത്തിന് ഉയർന്ന അയോണീകരണ ഊർജ്ജമുണ്ട്.

(iv) ലിഥിയത്തിന് ഉയർന്ന വിദ്യുത്ഋണതയുണ്ട്. (ഇലക്ട്രോനെഗറ്റിവിറ്റി)

(A) (i), (ii), (iii)
(B) (i), (ii), (iv)
(C) (i), (iii), (iv)
(D) (ii), (iii), (iv)

13. "തന്മാത്രകളുടെ വാസ്തുവിദ്യക്ക്" എന്ന വിഷയം 2025-ലെ രസതന്ത്ര നൊബേൽ സമ്മാനത്തിന് അർഹമായി.

താഴെ തന്നിരിക്കുന്നവയിൽ തെറ്റായ പ്രസ്താവന ഏതാണെന്ന് കണ്ടുപിടിക്കുക.

(A) അന്തരീക്ഷവായുവിൽ നിന്ന് ഈർപ്പം വലിച്ചെടുത്ത് ജലമായി സംഭരിക്കാൻ സാധിക്കുന്നു.

(B) വിഷവാതകങ്ങൾ സുരക്ഷിതമായി സൂക്ഷിക്കുവാൻ സാധിക്കുന്നു.

(C) പ്ലാസ്റ്റിക് മാലിന്യപ്രശ്നം പരിഹരിക്കുവാൻ സാധിക്കുന്നു.

(D) ആണവായുധങ്ങളിൽ ഉപയോഗിക്കുന്ന വിഷപദാർത്ഥങ്ങൾ ആഗിരണം ചെയ്ത് സംസ്കരിക്കാൻ സാധിക്കുന്നു.

14. താഴെ കൊടുത്തിരിക്കുന്നവയിൽ മാമാങ്കവുമായി ബന്ധമുള്ള പ്രസ്താവനകൾ ഏതെല്ലാം?

(i) കേരളത്തിന്റെ രാഷ്ട്രീയ ജീവിതത്തിൽ ബ്രാഹ്മണർക്ക് സ്വാധീനം ലഭിച്ചു തുടങ്ങി എന്നാണ് മാമാങ്കത്തിന്റെ ഉത്ഭവം സൂചിപ്പിക്കുന്നത്.

(ii) 12 വർഷം കൂടുമ്പോഴാണ് മാമാങ്കം കൊണ്ടാടിയിരുന്നത്

(iii) കുലശേഖരവംശം അസ്തമിച്ചതോടെ മാമാങ്കം കൊണ്ടാടിയിരുന്നത് വള്ളുവനാടിന്റെ അധിപനായ വള്ളാട്ടിരിയായിരുന്നു.

(iv) തിരുനാവായിൽ, ഭാരതപ്പുഴയുടെ തീരത്തായിരുന്നു മാമാങ്കം കൊണ്ടാടിയിരുന്നത്

(A) only (i) & (iv)
(B) only (i), (ii) & (iii)
(C) എല്ലാം ശരിയാണ്
(D) only (ii), (iii) & (iv)

15. മഹാഭാരതത്തിലെ ശിഖണ്ഡിയുടെ ജീവിതവുമായി സാമ്യമുള്ള കഥാപാത്രത്തെ, ആർ. രാജശ്രീയുടെ 'ആത്രേയകം' എന്ന നോവലിൽ ഏതുപേരിലാണ് അവതരിപ്പിക്കുന്നത്?

(A) വിപുലൻ
(B) ഇരാവാൻ
(C) നിരമിത്രൻ
(D) ധൃഷ്ടൻ

16. 'യക്ഷഗാനം' എന്ന നാടോടിക്കലാരൂപവുമായി ചേർന്നു നിൽക്കാത്ത പ്രസ്താവനകൾ/പ്രസ്താവന ഏത്?

(i) യക്ഷഗാനത്തിന് ബലയാട്ടം എന്ന പേരുകൂടിയുണ്ട്.

(ii) ഇത് ഒരു അനുഷ്ഠാന കലാരൂപമാണ്.

(iii) കാസർഗോഡ് ജില്ലയിൽ ഈ കലാരൂപം പ്രചാരത്തിലുണ്ട്.

(iv) പാർഥിസുബ്ബയ്യയാണ് യക്ഷഗാനത്തിന്റെ പിതാവ്.

(A) (i) & (ii)
(B) (ii) only
(C) (i), (iii) & (iv)
(D) (iv) only

17. ദേശീയഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ പുതിയ പേര് എന്താണ്?

(A) നാഷണൽ റൂറൽ എംപ്ലോയ്മെന്റ് പ്രോഗ്രാം.

(B) പ്രൈമിനിസ്റ്റേഴ്സ് എംപ്ലോയ്മെന്റ് ജനറേഷൻ പ്രോഗ്രാം.

(C) വികസിത് ഭാരത് ഗാരന്റി ഫോർ റോസ്ഗാർ ആന്റ് അജീവികമിഷൻ - ഗ്രാമീൺ.

(D) സമ്പൂർണ ഗ്രാമീൺ റോസ്ഗാർ യോജന.

18. ഇന്ത്യയിലെ ആദ്യത്തെ സർക്കസ്സ് സ്കൂൾ കീലേരിക്കുഞ്ഞിക്കണ്ണൻ 1901ൽ സ്ഥാപിച്ചത് എവിടെയാണ്?

(A) ബെല്ലാരി
(B) കണ്ണൂർ
(C) തലശ്ശേരി
(D) അഡയാർ

19. ഒരു ബഹുഭുജത്തിന്റെ ആന്തരിക കോണുകളുടെ തുക 2700 ഡിഗ്രിയാണ്. അതിന് എത്ര വശങ്ങളുണ്ട്?

(A) 15
(B) 16
(C) 17
(D) 18

20. ഒരു സ്കൂളിൽ 2401 വിദ്യാർത്ഥികളുണ്ട്. വരികളുടെ എണ്ണം നിരകളുടെ എണ്ണത്തിന് തുല്യമാകുന്ന തരത്തിൽ കുട്ടികളെ നിർത്തിയാൽ വരികളുടെ എണ്ണം എത്ര?

(A) 47
(B) 41
(C) 45
(D) 49

21. മൂന്ന് വ്യത്യസ്ത റോഡ് ക്രോസിംഗുകളിലെ ട്രാഫിക് ലൈറ്റുകൾ യഥാക്രമം ഓരോ 48 സെക്കൻഡിലും 60 സെക്കൻഡിലും 72 സെക്കൻഡിലും മാറുന്നു. രാവിലെ 7 മണിക്ക് അവ ഒരേ സമയം മാറിയാൽ, ഏത് സമയത്താണ് അവ വീണ്ടും ഒരേ സമയം മാറുക?

(A) 7 : 30 am
(B) 7 : 24 am
(C) 7 : 12 am
(D) ഇതൊന്നുമല്ല

22. ഒരു ഫ്ലവർ വേസിന്റെ വില 120 രൂപയാണ്. കടയുടമ അത് 10% നഷ്ടത്തിന് വിൽക്കുകയാണെങ്കിൽ, വിറ്റ വില എത്ര?

(A) ₹ 141
(B) ₹ 95
(C) ₹ 108
(D) ₹ 216

23. ഒരു A.P. യുടെ ആദ്യത്തെ പദം ____ ഉം അവസാനത്തെ പദം 146 ഉം ആണ്. A.P. യുടെ ആകെത്തുക 7171 ആണെങ്കിൽ, പദങ്ങളുടെ എണ്ണം എത്ര?

(A) 101
(B) 103
(C) 105
(D) 107

**C**

24. ഒരു കോഡ് ഭാഷയിൽ GO = 32 ഉം SHE = 49 ഉം ആണ്. എങ്കിൽ SOME യുടെ കോഡ് എന്താണ്?

(A) 56
(B) 58
(C) 62
(D) ഇതൊന്നുമല്ല

25. A എന്നത് B യുടെ മകനാണ്. C എന്നത് A യുടെ ഭാര്യയാണ്. E എന്നത് C യുടെ മകളാണ്. എങ്കിൽ B യുമായി E എങ്ങനെ ബന്ധപ്പെട്ടിരിക്കുന്നു?

(A) കൊച്ചുമകൻ
(B) കൊച്ചുമകൾ
(C) മകൻ
(D) മകൾ

26. അടുത്ത സംഖ്യ ഏത്?

10, 18, 45, 109, ________

(A) 218
(B) 234
(C) 327
(D) ഇതൊന്നുമല്ല

27. 2016 July 29 വെള്ളിയാഴ്ച ദിവസം ജനിച്ച കുഞ്ഞിന് 4 വയസ്സ് പൂർത്തിയായ ജന്മദിനം വരുന്നത് ഏത് ദിവസമായിരിക്കും.

(A) വെള്ളി
(B) ഞായർ
(C) ബുധൻ
(D) തിങ്കൾ

28. × എന്നത് + ഉം ÷ എന്നത് – ഉം – എന്നത് × ഉം + എന്നത് ÷ ഉം ആയാൽ, 13 × 5 – 20 + 10 ÷ 9 എന്നതിന്റെ വിലയെന്ത്?

(A) 26
(B) 14
(C) 37
(D) 55

29. **If I saw a snake under my sofa, I _____ away.**

(A) **Would ran**
(B) **Would run**
(C) **Would have ran**
(D) **Would have been run**

30. One of the following words is misspelt. Identify the word.

(A) valetudinarian

(B) acquaintance

(C) occurance

(D) bureaucracy

31. "Ulysses was braver than any other Greek hero" can be written without a change in meaning as

(A) No other Greek hero was as brave as Ulysses

(B) Very few Greek heroes were brave like Ulysses

(C) Ulysses was not the bravest of all other Greek heroes

(D) Some other Greek heroes were braver than Ulysses

32. The foreign expression "carte blanche" means

(A) Complete freedom

(B) Bad intention

(C) High goals

(D) Real purpose

33. Antonym of Gregarious

(A) reserved

(B) surrender

(C) celebrate

(D) ancient

34. Change the following sentence into indirect speech.

The man said to the people at the bus stop "Don't you believe me"?

(A) The man asked the people at the bus stop whether they did not believe him

(B) The man asked the people at the bus stop that you did not believe him

(C) The man said to the people at the bus stop that they don't believe him

(D) The man asked the people at the bus stop if they do not believe him

35. Add an appropriate tag.

Let's have a break now, _______?

(A) Have us?

(B) Shall we?

(C) Shall not we?

(D) Haven't we?

36. Rewrite the following sentence into passive voice.

Make one more attempt.

(A) One more attempt must made by me

(B) Let one more attempt being made

(C) One more attempt being made by me

(D) Let one more attempt be made

37. The head office has ______ his request for transfer.

(A) turned down
(B) set off
(C) put on
(D) get about

38. The meaning of the idiom 'cut corners' is

(A) Reveal a secret
(B) To do something in the easiest way
(C) Miss an opportunity
(D) Take on a risk

39. തന്നിരിക്കുന്നവയിൽ ശരിയായവ മാത്രം തിരെഞ്ഞെടുത്തെഴുതുക.

(i) കവി-കവയിത്രി

(ii) നിരൂപകൻ-നിരൂപിക

(iii) അദ്ധ്യാപകൻ-അദ്ധ്യാപിക

(iv) അവതാരകൻ-അവതാരിക

(A) (ii), (iii) എന്നിവ
(B) (ii), (iv) എന്നിവ
(C) (i), (iii) എന്നിവ
(D) (i), (iv) എന്നിവ

40. ചുവപ്പ് എന്ന പദത്തിന് സമാനാർത്ഥം വരുന്ന ജോഡി തിരഞ്ഞെടുത്തെഴുതുക.

(A) കരണം, ചരണം
(B) ശോണം, അരുണം
(C) ഹരിണം, രുചിരം
(D) ധരണം, സരണം

41. തന്നിരിക്കുന്നവയിൽ ശരിയായ പ്രസ്താവന അല്ലാത്തത് ഏത്?

(A) അരുതായ്മകളെ തീർച്ചയായും എതിർക്കുക തന്നെ വേണം

(B) ഏകദേശം നൂറുപേർ വരിനിൽക്കുന്നുണ്ട്.

(C) മലയാള ഭാഷയ്ക്ക് വള്ളത്തോൾ നൽകിയ സംഭാവന മഹത്താണ്.

(D) ഇതിലേതുമില്ല.

42. താഴെ തന്നിരിക്കുന്ന ഒറ്റപ്പദങ്ങളിൽ ശരിയായവ ഏതെല്ലാം?

(i) വിഭജിക്കാൻ കഴിയാത്തത് - അഭിവാജ്യം

(ii) ഋഷിയെ സംബന്ധിച്ചത് - ആർഷം

(iii) ആത്മാവിനെ സംബന്ധിച്ചത് - ആത്മികം

(iv) വൈദ്യം പഠിച്ചവൻ - വൈദികൻ

(A) (i), (iii) എന്നിവ
(B) (i), (iv) എന്നിവ
(C) (ii), (iii) എന്നിവ
(D) (ii), (iv) എന്നിവ

43. എളുപ്പത്തിൽ തകരാത്തതും ദീർഘകാലം നിലനിൽക്കുന്ന സ്വഭാവമുള്ളതുമായ ഒന്നിനെ സൂചിപ്പിക്കാൻ ഉപയോഗിക്കുന്ന വാക്ക് ഏതാണ്?

(A) അഭംഗുരം
(B) അഭങ്കുരം
(C) അഭംഘുരം
(D) അഭംഖുരം

44. തന്നിരിക്കുന്നവയിൽ നിന്നും ശരിയായ ജോഡി തിരഞ്ഞെടുത്തെഴുതുക

(i) കവിൾ + തടം = കവിൾതടം
(ii) പുതു + കലം = പുതുക്കലം
(iii) കട + കോൽ = കടങ്കോൽ
(iv) എരി + തീ = എരിതീ

(A) (i), (iii) എന്നിവ
(B) (ii), (iv) എന്നിവ
(C) (iii), (iv) എന്നിവ
(D) (i), (ii) എന്നിവ

45. ഇതിലേതാണ് കേവലക്രിയയോട് ചേർന്ന് നിൽക്കാത്തത്?

(A) കളിക്കുന്നു
(B) ഇരിക്കുന്നു
(C) ചിരിക്കുന്നു
(D) ഓടിക്കുന്നു

46. തന്നിരിക്കുന്നവയിൽ വിനീയച്ചത്തിന് ഉദാഹരണമായത് ഏത്?

(A) അറിഞ്ഞ കാര്യം
(B) എടുത്ത പണം
(C) പറഞ്ഞുകേട്ടു
(D) കൊടുത്ത വസ്തു

47. പീനം എന്ന വാക്കിന്റെ വിപരീതപദം കണ്ടെത്തുക

(A) പുഷ്ടി
(B) സ്ഥൗല്യം
(C) സപീനം
(D) ശുഷ്കം

48. കപ്പൽമുളകിന്റെ പര്യായമായി താഴെ പറയുന്നവയിൽ ശരിയായവ ഏതെല്ലാം?

(i) കൊല്ലമുളക്
(ii) ഉപ്പേരിമുളക്
(iii) വറ്റൽമുളക്
(iv) പറങ്കിമുളക്

(A) തന്നിരിക്കുന്നവയെല്ലാം
(B) (ii), (iii) എന്നിവ
(C) (i), (iii), (iv) എന്നിവ
(D) (iii), (iv) എന്നിവ

49. ഒരു ഖരപദാർത്ഥം ചൂടാകുമ്പോൾ ദ്രാവകമാകാതെ നേരിട്ട് വാതകമായി മാറുന്ന പ്രക്രിയയ്ക്ക് ______ എന്നു പറയുന്നു.

(A) ഉത്പതനം
(B) സെൻട്രിഫ്യൂഗേഷൻ
(C) ചാലനം
(D) സ്വേദനം

50. ജലത്തിന്റെ തിളനില ______ ആണ്.

(A) 0°C
(B) 101.4°C
(C) 100°C
(D) 10°C

51. ക്ലോറിന്റെ അറ്റോമിക നമ്പർ എത്ര?

(A) 17
(B) 16
(C) 15
(D) 11

52. സസ്യങ്ങളുടെ വളർച്ചക്കാവശ്യമായ നൈട്രജൻ വളങ്ങളുടെ നിർമ്മാണത്തിനുവേണ്ട ഒരു പ്രധാന അസംസ്കൃത രാസവസ്തുവാണ്?

(A) ക്ലോറിൻ
(B) അമോണിയ
(C) പ്രൊപ്പെയ്ൻ
(D) ബ്യൂട്ടെയ്ൻ

53. എൽ പി ജിയുടെ യു എൻ നമ്പർ ഏത്?

(A) 1076
(B) 1094
(C) 1086
(D) 1075

54. താപനിലയുടെ അടിസ്ഥാന യൂണിറ്റ്?

(A) കെൽവിൻ
(B) മോൾ
(C) കാൻഡില
(D) ആമ്പിയർ

55. മെക്കാനിക്കൽ ഫോം ടൈപ്പ് എക്സ്റ്റിംഗ്വിഷർ താഴെപ്പറയുന്ന ഏത് തരം തീപിടുത്തത്തിനാണ് ഉപയോഗിക്കുന്നത്?

(A) A Type Fire
(B) B Type Fire
(C) C Type Fire
(D) D Type Fire

56. സംവഹനം നടക്കുന്നത് ഏത് അവസ്ഥയിലാണ്?

(A) ഖരം
(B) ദ്രാവകം
(C) വാതകം
(D) പ്ലാസ്മ

57. PASS വിശദീകരിക്കുക

(A) Pull Aim Squeeze Sweep
(B) Push Aim Squeeze Sweep
(C) Pull Alert Squeeze Sweep
(D) Push Alert Squeeze Sweep

58. പ്രഥമ ശുശ്രൂഷയുടെ ഉപജ്ഞാതാവ് ആര്?

(A) ഹെൻറി ഡ്യൂനന്റ്
(B) റോബർട്ട് വുഡ് ജോൺസൺ
(C) ഫ്രഡറിക് ഇസ്മാർക്
(D) റോബർട്ട് ഹുക്ക്

59. ചതവോടുകൂടിയ മുറിവുകൾക്ക് പറയുന്ന പേരെന്താണ്?

(A) ലാസറേറ്റഡ് മുറിവ്
(B) കൺട്യൂസ്ഡ് മുറിവ്
(C) ഇൻസൈസ്ഡ് മുറിവ്
(D) പെനട്രേറ്റഡ് മുറിവ്

60. ധമനികൾ മുറിഞ്ഞുള്ള രക്തസ്രാവം എങ്ങനെ മനസ്സിലാക്കാം.

(A) തുടർച്ചയായ രക്തസ്രാവം.
(B) രക്തം ശക്തിയായി പുറത്തേക്ക് തെറിക്കുന്നു.
(C) രക്തം സാവധാനത്തിൽ പൊടിഞ്ഞു വരുന്നു.
(D) ഇടയ്ക്കിടയ്ക്ക് രക്തം വരുന്നു.

61. അസ്ഥികൾ ഒടിഞ്ഞ് ആന്തരിക അവയവങ്ങളെ തുളച്ചുകയറിയുണ്ടാകുന്ന തരം ഒടിവ് ഏതാണ്?

(A) സിംഫിൾ ഫ്രാക്ച്ചർ
(B) ഗ്രീൻ സ്റ്റിക്ക് ഫ്രാക്ച്ചർ
(C) കോംപ്ലിക്കേറ്റഡ് ഫ്രാക്ച്ചർ
(D) ക്ലോസ്ഡ് ഫ്രാക്ച്ചർ

62. പാമ്പുകടിയേറ്റാൽ ചെയ്യേണ്ടാത്ത കാര്യം

(A) കടിയേറ്റ ആളിന് ആത്മവിശ്വാസം പകരുക
(B) നടക്കുകയോ ഓടുകയോ ചെയ്യണം
(C) കടിയേറ്റ ഭാഗത്ത് മുറുകി കിടക്കുന്ന വസ്ത്രങ്ങൾ ഉണ്ടെങ്കിൽ മാറ്റണം.
(D) കടിയേറ്റ ഭാഗം ഹൃദയത്തിൽ നിന്ന് ഉയർന്ന നിലയിൽ വെയ്ക്കണം.

63. ഹൃദയത്തിന്റെ താളം വിശകലനം ചെയ്യാനും ആവശ്യമെങ്കിൽ വൈദ്യുത ഷോക്ക് നൽകാനും കഴിയുന്ന സങ്കീർണ്ണമായ ഉപകരണം.

(A) AED (എ.ഇ.ഡി)
(B) ECG (ഇ.സി.ജി)
(C) MRI (എം.ആർ.ഐ)
(D) USG (യു.എസ്.ജി)

64. പ്രായപൂർത്തിയായ ഒരു വ്യക്തിക്ക് CPR (സി.പി.ആർ) കൊടുക്കുമ്പോഴുള്ള ചെസ്റ്റ് കംപ്രഷൻ വെന്റിലേഷൻ അനുപാതം എത്രയാണ്?

(A) 15 : 1
(B) 30 : 1
(C) 15 : 2
(D) 30 : 2

65 പൊള്ളലുണ്ടാകുമ്പോൾ ചർമ്മത്തിൽ കുമിളകൾ ഉണ്ടായാൽ അത് ഏത് തരം പൊള്ളലാണ്.

(A) ഒന്നാം ഡിഗ്രി പൊള്ളൽ
(B) രണ്ടാം ഡിഗ്രി പൊള്ളൽ
(C) മൂന്നാം ഡിഗ്രി പൊള്ളൽ
(D) നാലാം ഡിഗ്രി പൊള്ളൽ

66. ആഹാര പദാർത്ഥങ്ങൾ തൊണ്ടയിൽ കുടുങ്ങുന്നതു മൂലമുള്ള ശ്വാസതടസ്സത്തെ എന്താണ് പറയുന്നത്?

(A) ഡിസ്ഫാജിയ
(B) ചോക്കിംഗ്
(C) ഡ്രൗണിംഗ്
(D) അസ്ഫിക്സിയ

67. സാങ്കേതികവിദ്യാ നിയമം, 2000 (Information Technology Act, 2000) ന്റെ വകുപ്പ് 66 പ്രകാരം, വകുപ്പ് 43-ൽ പരാമർശിച്ച ഏതെങ്കിലും പ്രവൃത്തി അസത്യ സന്ധമായോ വഞ്ചനാപരമായോ ചെയ്യുന്നയാൾക്ക് ലഭിക്കാവുന്ന ശിക്ഷ എന്താണ്?

(A) പരമാവധി ഒരു വർഷം തടവ് അല്ലെങ്കിൽ ₹1 ലക്ഷം രൂപ പിഴ അല്ലെങ്കിൽ രണ്ടും
(B) പരമാവധി മൂന്ന് വർഷം തടവ് അല്ലെങ്കിൽ ₹5 ലക്ഷം രൂപ പിഴ അല്ലെങ്കിൽ രണ്ടും
(C) പരമാവധി അഞ്ച് വർഷം തടവ് അല്ലെങ്കിൽ ₹10 ലക്ഷം രൂപ പിഴ അല്ലെങ്കിൽ രണ്ടും
(D) പരമാവധി ഏഴ് വർഷം തടവ് അല്ലെങ്കിൽ ₹10 ലക്ഷം രൂപ പിഴ അല്ലെങ്കിൽ രണ്ടും

68. സാങ്കേതിക വിദ്യാ നിയമം, 2000 പ്രകാരം, ഈ നിയമപ്രകാരം ലഭിച്ച അധികാരങ്ങൾ ഉപയോഗിച്ച് ഒരു വ്യക്തി ഏതെങ്കിലും ഇലക്ട്രോണിക് രേഖ, പുസ്തകം, രജിസ്റ്റർ, വിവരങ്ങൾ, അല്ലെങ്കിൽ രേഖകൾ എന്നിവയിൽ പ്രവേശനം നേടിയ ശേഷം ബന്ധപ്പെട്ട വക്തിയുടെ സമ്മതമില്ലാതെ അതിനെ മറ്റൊരാളോട് വെളിപ്പെടുത്തുകയാണെങ്കിൽ, ആ വ്യക്തിക്ക് ലഭിക്കാവുന്ന ശിക്ഷ എന്താണ്?

(A) പരമാവധി മൂന്ന് വർഷം തടവ്
(B) പരമാവധി ₹5 ലക്ഷം രൂപ പിഴ
(C) പരമാവധി ഒരു വർഷം തടവ് കൂടാതെ ₹1 ലക്ഷം രൂപ പിഴ
(D) പരമാവധി ₹10 ലക്ഷം രൂപ നഷ്ടപരിഹാരം

69. സൗജന്യവും നിർബന്ധിതവുമായ വിദ്യാഭ്യാസ സമ്പ്രദായം തിരുവിതാംകൂറിൽ നടപ്പിലാക്കിയത്.

(A) സ്വാതിതിരുനാൾ
(B) ഗൗരിലക്ഷ്മിഭായ്
(C) ഗൗരിപാർവ്വതിഭായ്
(D) ഉമയമ്മറാണി

70 "ഒരു ദിവസം നമ്മുടെ വായിൽ വീഴാൻ പോകുന്ന ഒരു ചെറി" എന്ന് ഡൽഹൗസിപ്രഭു വിശേഷിപ്പിച്ചത് എന്തിനെ?

(A) ഝാൻസി
(B) അവധ്
(C) കാൺപൂർ
(D) നേപ്പാൾ

71 2026 ലെ ജി-7 ഉച്ചകോടി നടക്കുന്ന രാജ്യം

(A) ഇന്ത്യ
(B) ബെൽജിയം
(C) ഇംഗ്ലണ്ട്
(D) ഫ്രാൻസ്

72. പ്രത്യക്ഷസമര ദിനത്തിന് ആഹ്വാനം ചെയ്തത് ആര്?

(A) ഗാന്ധിജി
(B) സുഭാഷ് ചന്ദ്രബോസ്
(C) മുഹമ്മദലി ജിന്ന
(D) ചന്ദ്രശേഖർ ആസാദ്

73 "ശിവയോഗവിലാസം" എന്നമാസിക ആരംഭിച്ചത് താഴെ പറയുന്നതിൽ ആരാണ്.

(A) വൈകുണ്ഠ സ്വാമികൾ
(B) ശ്രീ നാരായണഗുരു
(C) അയ്യങ്കാളി
(D) വാഗ്ഭടാനന്ദൻ

74 പൂർണ്ണസ്വരാജാണ് കോൺഗ്രസ്സിന്റെ അന്തിമലക്ഷ്യം എന്ന് പ്രഖ്യാപിച്ചുകൊണ്ടുള്ള പ്രമേയം പാസാക്കിയ കോൺഗ്രസ് സമ്മേളനം നടന്നത്

(A) ലാഹോർ
(B) നാഗ്പൂർ
(C) ബോംബെ
(D) കൽക്കത്ത

75. മിശ്രവേലിയേറ്റത്തെകുറിച്ച് താഴെ പറയുന്നവയിൽ ശരിയായ പ്രസ്താവന ഏത്?

(i) ഒരു ദിവസവും ഒരു ഉയർന്ന വേലിയേറ്റവും ഒരു താഴ്ന്ന വേലിയേറ്റവും മാത്രമേ ഉണ്ടാകൂ എന്നതിനെ മിശ്രവേലി എന്ന് വിളിക്കുന്നു.

(ii) ഉയരത്തിൽ വ്യത്യാസമുള്ള വേലിയേറ്റങ്ങളെ മിശ്ര വേലിയേറ്റം എന്ന് വിളിക്കുന്നു.

(iii) ഒരു ദിവസം രണ്ട് ഉയർന്ന വേലിയേറ്റവും രണ്ട് താഴ്ന്ന വേലിയേറ്റവും മാത്രമുള്ളതിനെ മിശ്രവേലി എന്ന് വിളിക്കുന്നു.

(iv) ഒരു ദിവസം മൂന്ന് ഉയർന്ന വേലിയേറ്റവും മൂന്ന് താഴ്ന്ന വേലിയേറ്റവും മാത്രമേ ഉള്ളൂ ഇതിനെ മിശ്രവേലി എന്ന് വിളിക്കുന്നു.

(A) (i) & (iii) മാത്രമാണ് ശരി

(B) (iii) & (iv) മാത്രമാണ് ശരി

(C) (ii) മാത്രം ശരിയാണ്

(D) മുകളിൽ പറഞ്ഞതെല്ലാം ശരിയാണ്

76. അന്തരീക്ഷത്തിലെ ഹരിതഗൃഹവാതകങ്ങളിൽ ഏറ്റവുമധികമുള്ള വാതകം.... ആണ്

(A) മീഥെയ്ൻ

(B) നൈട്രസ് ഓക്സൈഡ്

(C) കാർബൺ ഡൈ ഓക്സൈഡ്

(D) കാർബൺ മോണോക്സൈഡ്

77. താഴെ പറയുന്നവയിൽ ഖാരിഫ് വിള സീസണുമായി ബന്ധപ്പെട്ട മാസങ്ങൾ ഏതെല്ലാം?

(A) ഏപ്രിൽ-ജൂൺ

(B) ജൂൺ-സെപ്റ്റംബർ

(C) ഒക്ടോബർ-മാർച്ച്

(D) ഡിസംബർ-ഫെബ്രുവരി

78. താഴെ നൽകിയിരിക്കുന്ന പ്രസ്താവനകളിൽ ശരിയായത് ഏത്?

(i) ഹിമാലയൻ പർവതനിരകളിൽ നിന്ന് ഒഴുകുന്ന അരുവികളും നദികളും അപ്രത്യക്ഷമാകുന്ന മേഖലയെ ബാബർ എന്ന് വിളിക്കുന്നു.

(ii) ഹിമാലയൻ പർവതനിരകളിൽ നിന്ന് ഒഴുകുന്ന അരുവികളും നദികളും അപ്രത്യക്ഷമാകുന്ന മേഖലയെ ഖാദർ എന്ന് വിളിക്കുന്നു.

(iii) ഹിമാലയൻ പർവതനിരകളിൽ നിന്ന് ഒഴുകുന്ന അരുവികളും നദികളും അപ്രത്യക്ഷമാകുന്ന മേഖലയെ ബാംഗർ എന്ന് വിളിക്കുന്നു.

(iv) പഴയ എക്കൽ നിക്ഷേപങ്ങൾ അടങ്ങിയ തരായ് ബെൽറ്റ് ഭംഗർ എന്നറിയപ്പെടുന്നു.

(A) (i) & (iii) ശരിയാണ്

(B) (ii) മാത്രമാണ് ശരി

(C) (i) & (iv) ശരിയാണ്

(D) (iii) മാത്രമാണ് ശരി

79. ഇന്ത്യൻ ഉപദ്വീപീയ പീഠഭൂമിയിലെ രണ്ടാമത്തെ ഏറ്റവും വലിയ കൊടുമുടി ഏത്?

(A) ആനമുടി
(B) നല്ലമല
(C) ദോഡബെട്ട
(D) മഹേന്ദ്രഗിരി

80. ചിത്രശലഭ സങ്കേതമായി പ്രഖ്യാപിച്ച കേരളത്തിലെ വന്യമൃഗസങ്കേതം ഏത്?

(A) ആറളം
(B) പെരിയാർ
(C) സൈലന്റ് വാലി
(D) ചൂലന്നൂർ

81. തൊഴിൽ ഘടന എന്നത്കൊണ്ട് ഉദ്ദേശിക്കുന്നത് എന്താണ്?

(A) രാജ്യത്തെ ആകെ തൊഴിലാളികളുടെ എണ്ണം
(B) കാർഷിക മേഖലയിൽ ജോലി ചെയ്യുന്നവരുടെ എണ്ണം
(C) വിവിധ തരം തൊഴിലുകളിൽ ഏർപ്പെട്ടിരിക്കുന്ന ജനസംഖ്യാ വിതരണം
(D) തൊഴിലാളികളുടെ എണ്ണവും ജനസംഖ്യയും തമ്മിലുള്ള അനുപാതം

82. വൻകിട വ്യവസായങ്ങളുടെ വളർച്ചക്ക് പ്രാധാന്യം നല്കിയ പഞ്ചവത്സര പദ്ധതി ഏതാണ്?

(A) ഒന്നാമത്തെ പദ്ധതി
(B) രണ്ടാമത്തെ പദ്ധതി
(C) മൂന്നാമത്തെ പദ്ധതി
(D) നാലാമത്തെ പദ്ധതി

83. നീതി ആയോഗിന്റെ ആദ്യത്തെ ചീഫ് എക്സിക്യൂട്ടിവ് ഓഫീസർ ആരാണ്?

(A) സിന്ധുശ്രീ ഖുള്ളർ
(B) ബി.വി.ആർ. സുബ്രഹ്മണ്യൻ
(C) സഞ്ജയ് മൽഹോത്ര
(D) നിർമല സീതാരാമൻ

84. ദാരിദ്ര്യ രേഖാ നിർണയവുമായി ബന്ധപ്പെട്ട ജയിൽ ജീവിത ചെലവ് എന്ന ആശയം ആരുമായി ബന്ധപ്പെട്ടിരിക്കുന്നു?

(A) വി.കെ.ആർ.വി. റാവു
(B) ദാദാഭായ് നവറോജി
(C) ആർ.സി. ദേശായ്
(D) വില്യം ഡിഗ്ബി

85. ആഭ്യന്തര സമ്പദ് വ്യവസ്ഥയെ ലോക സമ്പദ് വ്യവസ്ഥയുമായി സംയോജിപ്പിക്കുന്നതിന് പറയുന്ന പേരെന്ത്?

(A) അന്തർ ദേശീയ വൽക്കരണം
(B) സ്വകാര്യ വൽക്കരണം
(C) ആഗോള വൽക്കരണം
(D) ഉദാര വൽക്കരണം

86. സാമ്പത്തിക, ധനകാര്യ വിവരങ്ങൾ ലഭ്യമാക്കുന്നതിന് വേണ്ടി റിസർവ് ബാങ്ക് ഓഫ് ഇന്ത്യ (RBI) പുറത്തിറക്കിയ മൊബൈൽ ആപ്ലിക്കേഷന്റെ പേരെന്താണ്?

(A) RBIDIGITAL
(B) ECORBI
(C) FINRBI
(D) RBIDATA

87. ഇന്ത്യയെ സംബന്ധിച്ച് താഴെ പറയുന്ന പ്രസ്താവനകൾ പരിഗണിക്കുക

(i) ഒറ്റ പൗരത്വം മാത്രമേയുള്ളു

(ii) ഭൂപ്രദേശങ്ങളുടെ കൂട്ടിച്ചേർക്കൽ വഴി പൗരത്വം നേടിയെടുക്കാം

(iii) ഭരണഘടനയുടെ IV ഭാഗത്തിലാണ് പൗരത്വത്തെക്കുറിച്ച് പറയുന്നത്

മുകളിൽ നൽകിയിട്ടുള്ള പ്രസ്താവനകളിൽ ഏതാണ്/ഏതൊക്കെയാണ് ശരി?

(A) (i) മാത്രം
(B) (i), (iii) ഉം
(C) (i), (ii) ഉം
(D) മുകളിൽ പറഞ്ഞവയെല്ലാം

88. രാഷ്ട്ര നിർദ്ദേശക തത്വങ്ങളെപ്പറ്റിയുള്ള ശരിയായ വിവരമേത്?

(i) ഭരണഘടനയുടെ 36 മുതൽ 51 വരെയുള്ള അനുച്ഛേദങ്ങൾ ഉൾക്കൊള്ളുന്നു

(ii) ഭരണഘടനയുടെ 30 മുതൽ 46 വരെയുള്ള അനുച്ഛേദങ്ങൾ ഉൾക്കൊള്ളുന്നു

(iii) ഭരണഘടനയുടെ 35 മുതൽ 53 വരെയുള്ള അനുച്ഛേദങ്ങൾ ഉൾക്കൊള്ളുന്നു

(iv) ഭരണഘടനയുടെ 39 മുതൽ 51 വരെയുള്ള അനുച്ഛേദങ്ങൾ ഉൾക്കൊള്ളുന്നു

(A) (iii), (iv) ഉം ശരി
(B) (iii) മാത്രം ശരി
(C) (i) മാത്രം ശരി
(D) (ii), (iii) ഉം ശരി

89 ലിസ്റ്റ് - I, ലിസ്റ്റ് - II എന്നിവയുമായി യോജിപ്പിച്ച് നൽകിയിരിക്കുന്നവയിൽ നിന്നും ശരിയായ ഉത്തരം തിരഞ്ഞെടുക്കുക

| | ലിസ്റ്റ് - I (ഭരണഘടനയിലെ ലിസ്റ്റുകൾ) | | ലിസ്റ്റ് - II (വിഷയങ്ങൾ) |
|---|---|---|---|
| a) | കേന്ദ്ര ലിസ്റ്റ് | 1. | തുറമുഖങ്ങൾ |
| b) | സംസ്ഥാന ലിസ്റ്റ് | 2. | മായം ചേർക്കൽ |
| c) | സംയുക്ത ലിസ്റ്റ് | 3. | കന്നുകാലി പരിപാലനം |

(A) a – 2, b – 3, c – 1
(B) a – 1, b – 3, c – 2
(C) a – 3, b – 2, c – 1
(D) a – 2, b – 1, c – 3

90. 44-ാം ഭരണഘടനാ ഭേദഗതിയെക്കുറിച്ച് താഴെപറയുന്ന പ്രസ്താവനകൾ പരിശോധിച്ച് ശരിയല്ലാത്തവ കണ്ടെത്തുക?

(i) സ്വത്തവകാശത്തെ മൗലികാവകാശങ്ങളുടെ പട്ടികയിൽ നിന്ന് നീക്കം ചെയ്തത്

(ii) നിലവിൽ അനുച്ഛേദം 300(B) യിൽ ഉൾപ്പെടുന്നതാണ് സ്വത്തവകാശം

(iii) അനുച്ഛേദം 22(4) ന് മാറ്റങ്ങൾ വരുത്തി കരുതൽ തടങ്കൽ സാധുവാക്കുന്ന കൂടുതൽ ഉപാധികൾ ഉൾപ്പെടുത്തി

(iv) 352 - അനുച്ഛേദത്തിൽ ആഭ്യന്തരകലാപം എന്നതിനുപകരം സായുധവിപ്ലവം എന്നാക്കി മാറ്റിയത്

(A) (i), (iii) എന്നിവ
(B) (ii) മാത്രം
(C) (ii), (iii), (iv) എന്നിവ
(D) (i), (iv) എന്നിവ

91. ചുവടെ നൽകിയതിൽ ത്രിതല പഞ്ചായത്ത് സംവിധാനത്തിൽ ഉൾപ്പെടാത്തതേത്?

(A) ഗ്രാമ പഞ്ചായത്ത്
(B) ബ്ലോക്ക് പഞ്ചായത്ത്
(C) ജില്ലാ കൗൺസിൽ
(D) ജില്ലാ പഞ്ചായത്ത്

92 സാംസ്കാരികവും വിദ്യാഭ്യാസപരവുമായ അവകാശങ്ങൾ പ്രതിപാദിക്കുന്ന ഭരണഘടനാ അനുച്ഛേദങ്ങളേവ?

(A) അനുച്ഛേദം 25 മുതൽ 28 വരെ
(B) അനുച്ഛേദം 29 മുതൽ 30 വരെ
(C) അനുച്ഛേദം 31 മുതൽ 32 വരെ
(D) അനുച്ഛേദം 23 മുതൽ 24 വരെ

93. ശരിയല്ലാത്ത പ്രസ്താവന ഏത്?

(A) ഭരണഘടനാ നിർമ്മാണ സഭ രൂപവത്കരിച്ചത് ക്രിപ്സ് മിഷൻ പദ്ധതിയിലെ നിർദ്ദേശങ്ങളനുസരിച്ചാണ്.

(B) പത്തുലക്ഷം പേർക്ക് ഒരാൾ എന്ന അനുപാതത്തിലാണ് സീറ്റുകൾ നിശ്ചയിച്ചത്

(C) സഭയുടെ ആദ്യ സമ്മേളനം 1946 ഡിസംബർ 9ന് നടന്നു.

(D) ഇന്ത്യയുടെ ഭരണഘടനാ നിർമ്മാണ സഭയുടെ സ്ഥിരം അധ്യക്ഷൻ ഡോ: രാജേന്ദ്രപ്രസാദ് ആയിരുന്നു.

94. ചുവടെ പറയുന്നവയിൽ കേന്ദ്ര സർവീസുകൾ ഏതെല്ലാം?

(i) ഇന്ത്യൻ പോലീസ് സർവീസ്

(ii) ഇന്ത്യൻ അഡ്മിനിസ്ട്രേറ്റീവ് സർവീസ്

(iii) ഇന്ത്യൻ റെയിൽവേ സർവീസ്

(iv) ഇന്ത്യൻ റവന്യൂ സർവീസ്

(A) (ii), (iii), (iv) എന്നിവ
(B) (iii), (iv) എന്നിവ
(C) (i), (ii), (iii) എന്നിവ
(D) (iv) മാത്രം

95. ചുവടെ നൽകിയിരിക്കുന്നതിൽ 1947-ന് ശേഷം ജനിച്ച ഇന്ത്യയിലെ മുഖ്യ തെരെഞ്ഞെടുപ്പ് കമ്മീഷണർ/കമ്മീഷണർമാർ ആരെല്ലാം?

(i) എൻ. ഗോപാലസ്വാമി

(ii) ഗ്യാനേഷ് കുമാർ

(iii) ടി.എൻ. ശേഷൻ

(iv) സുകുമാർ സെൻ

(A) (i), (iv) ഉം
(B) (ii) മാത്രം
(C) (iii) മാത്രം
(D) (i), (ii), (iii), (iv) ഉം

96. കേരള സംസ്ഥാന വനിതാ കമ്മീഷനുമായി ബന്ധപ്പെട്ട പ്രസ്താവനകളിൽ ശരിയായത് ഏത്/ഏവ?

(i) 1990-ലെ കേരള വനിതാ കമ്മീഷൻ നിയമത്തിലെ 5-ാം വകുപ്പ് പ്രകാരമാണ് കേരള വനിതാ കമ്മീഷൻ സ്ഥാപിതമായത്.

(ii) കേരള സംസ്ഥാന വനിതാ കമ്മീഷൻ ചെയർപേഴ്സൺ, അംഗങ്ങൾ എന്നിവരുടെ കാലാവധി അഞ്ചുവർഷമാണ്.

(iii) കേരള സംസ്ഥാന വനിതാ കമ്മീഷന്റെ ഒരു യോഗത്തിന്റെ ക്വോറം നാല് ആയിരിക്കേണ്ടതാണ്.

(iv) കേരള സംസ്ഥാന വനിതാ കമ്മീഷന്റെ പ്രസിദ്ധീകരണമാണ് 'സ്ത്രീ ശക്തി'.

(A) (i) മാത്രം
(B) (ii), (iii) എന്നിവ മാത്രം
(C) (i), (ii), (iii) എന്നിവ മാത്രം
(D) (i), (ii), (iii), (iv) (എല്ലാ പ്രസ്താവനകളും)

97 കേരള സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയുമായി ബന്ധപ്പെട്ട പ്രസ്താവനകളിൽ ശരിയായത് ഏത്/ഏവ?

(i) 2005-ലെ ദേശീയ ദുരന്തനിവാരണ നിയമത്തിന്റെ അടിസ്ഥാനത്തിലാണ് കേരള സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി രൂപീകൃതമായത്

(ii) കേരള സംസ്ഥാന ദുരന്തനിവാരണ അതോറിറ്റിയുടെ വൈസ് ചെയർമാൻ ചീഫ് സെക്രട്ടറി ആണ്

(iii) 'സുരക്ഷിത കേരളം' എന്നത് കേരള സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയുടെ ആപ്തവാക്യമാണ്.

(A) (i), (ii) എന്നിവ മാത്രം
(B) (i), (iii) എന്നിവ മാത്രം
(C) (ii), (iii) എന്നിവ മാത്രം
(D) (i) മാത്രം

98. 2008-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമവുമായി ബന്ധപ്പെട്ട പ്രസ്താവനകളിൽ ശരിയായത് ഏവ/ഏത്?

(i) 2008-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമത്തിലെ 11-ാം മത്തെ വകുപ്പ്, തണ്ണീർത്തടങ്ങൾ രൂപമാറ്റം വരുത്തുന്നതിനെ നിരോധിക്കുന്നു.

(ii) 2008-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമത്തിലെ 8-ാം വകുപ്പ്, പ്രാദേശികതല നിരീക്ഷണ സമിതിയുടെ രൂപീകരണത്തെക്കുറിച്ചു പ്രതിപാദിക്കുന്നു

(iii) 2008-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമത്തിന്റെ അടിസ്ഥാനത്തിലാണ് കേരള സംസ്ഥാന തണ്ണീർത്തട സംരക്ഷണ അതോറിറ്റി രൂപീകൃതമായത്

(A) (ii) മാത്രം
(B) (i) മാത്രം
(C) (ii), (iii) എന്നിവ മാത്രം
(D) (iii) മാത്രം

99. കേരള സർക്കാരിന്റെ വിവിധ പദ്ധതികളെക്കുറിച്ചുള്ള പ്രസ്താവനകളിൽ തെറ്റായത് ഏത്/ഏവ?

(i) കേരളാ സാമൂഹ്യനീതി വകുപ്പ്, സർക്കാർ സേവനങ്ങൾ വീട്ടുപടിക്കൽ എത്തിക്കുക, എന്ന ലക്ഷ്യത്തോടെ ആവിഷ്കരിച്ച വെബ് പോർട്ടലാണ് 'കെ. സ്മാർട്ട്'

(ii) ആദിവാസി ജനതക്ക് ആരോഗ്യ സേവനങ്ങൾ നേരിട്ട് എത്തിക്കുക എന്ന ലക്ഷ്യത്തോടെ സംസ്ഥാന വനംവകുപ്പ് നടപ്പിലാക്കുന്ന പദ്ധതിയാണ് 'സ്നേഹയാനം'

(iii) മുതിർന്ന പൗരന്മാർക്ക് സൗജന്യമായി പല്ല് സെറ്റ് നൽകുന്ന സാമൂഹിക നീതി വകുപ്പിന്റെ സംരംഭമാണ് 'മന്ദഹാസം.'

(A) (ii), (iii) എന്നിവ മാത്രം
(B) (iii) മാത്രം
(C) (i), (ii) എന്നിവ മാത്രം
(D) (ii) മാത്രം

**C**

100. മനുഷ്യ ശരീരത്തെ സംബന്ധിച്ച ചില വിവരങ്ങളാണ് താഴെ നൽകിയിരിക്കുന്നത്. അവയിൽ ശരിയായത് ഏത്?

(i) പേശികളെ അസ്ഥികളുമായി ബന്ധിപ്പിക്കുന്നത് ലിഗമെന്റുകളാണ്

(ii) ത്വക്കിന് നിറം നൽകുന്ന വർണ്ണ വസ്തുവാണ് മെലാനിൻ

(iii) കണ്ണിലെ ലെൻസിനെ സ്ഥാനത്ത് ഉറപ്പിച്ചു നിർത്തുന്നത് റേഡിയൽ പേശികളാണ്

(iv) വാഗസ് നാഡി ഒരു സുഷുമ്നാ നാഡിക്ക് ഉദാഹരണമാണ്

(A) (i) & (iii)

(B) (iv) only

(C) (ii) only

(D) (ii) & (iii)